SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# സർക്കുലർ

**നം. 35/EX.1/26/SOU/2023** **തീയതി : 26 /07/2024**

വിഷയം : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി - പരീക്ഷാ വിഭാഗം നിരന്തരമൂല്യ-നിർണ്ണയം- അസൈൻമെന്റുകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച നിർദേശങ്ങൾ

സൂചന : (1) Guidelines for CIE - December 2023

നിരന്തരമൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള അസൈൻമെന്റുകളുടെ മൂല്യനിർണയം സംബന്ധിച്ച് സൂചന (1) പ്രകാരമുള്ള മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്. വിവിധ ഘട്ടങ്ങളിൽ പഠിതാക്കളിൽ നിന്ന് ലേണർ സപ്പോർട്ട് സെന്ററുകളിൽ ലഭിക്കുന്ന അസൈൻമെന്റുകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. അസൈൻമെന്റുകൾ പിഴ കൂടാതെ സമർപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഒന്നാം ഘട്ടത്തിൽ അനുവദിച്ചിട്ടുള്ള അവസാന തീയതിക്കുള്ളിൽ ലഭിക്കുന്ന അസൈൻമെന്റുകളുടെ മൂല്യനിർണയം പൂർത്തിയാക്കിയ ശേഷം, മാർക്ക് ഷീറ്റുകൾ സർവകലാശാലയിലേക്ക് അയക്കേണ്ടതാണ്.
2. ലേറ്റ് ഫീ അവസാനിക്കുന്ന തീയതി വരെ രണ്ടാം ഘട്ടത്തിൽ ലഭിക്കുന്ന അസൈൻമെന്റുകൾ ശേഖരിച്ച് ഒരുമിച്ച് മൂല്യനിർണയം നടത്തി മാർക്ക് ഷീറ്റുകൾ സർവകലാശാലയിലേക്ക് അയക്കേണ്ടതാണ്.
3. സൂപ്പർ ലേറ്റ് ഫീയോടുകൂടി അവസാന ഘട്ടത്തിൽ ലഭിക്കുന്ന അസൈൻമെന്റുകൾ ഒരുമിച്ച് മൂല്യനിർണയം നടത്തി ബന്ധപ്പെട്ട കോഴ്സിന്റെ അടുത്ത സപ്ലിമെന്ററി പരീക്ഷക്ക് മുൻപായി മാർക്ക് ഷീറ്റുകൾ സർവകലാശാലയിലേക്ക് അയക്കേണ്ടതാണ്.

സർവകലാശാലാ മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ച് (First amendments to the guidelines for CIE - December 2023) മൂല്യനിർണയം പൂർത്തിയാക്കിയ ശേഷം, മാർക്കുകൾ രേഖപ്പെടുത്തി നിശ്ചിത ഫോർമാറ്റിൽ മാർക്ക് ഷീറ്റ് അക്കാദമിക് കൗൺസിലേഴ്സിന്റെയും LSC കോർഡിനേറ്ററിന്റെയും കയ്യൊപ്പോടുകൂടി നിശ്ചിത തീയതിക്കകം സർവകലാശാലാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**ഡോ.ഗ്രേഷ്യസ് ജെ**
**പരീക്ഷാ കൺട്രോളർ**

Copy to :-

All Directors, Regional Centres
All Coordinators LSCs, PS TO VC/PVC
PA to Registrar/FO/CC/CIQA/Ad.A2/PRO
Stock file/File

**NO. EX.1/26/SOU/2023**